## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1945** — **04-12-2018 ൽ മറുപടിക്ക്**

### ബോട്ട് സർവ്വീസ് കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. രാജഗോപാലൻ: | | ശ്രീ. എ.കെ.ശശീന്ദ്രൻ (ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കൊറ്റി -കോട്ടപ്പുറം ജലഗതാഗത റൂട്ടിൽ പുതുതായി ഏതൊക്കെ പദ്ധതികളാണ് നടപ്പിൽ വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ബോട്ട് ചാൽ മണൽ മൂടിക്കിടക്കുന്നതിനാൽ വർഷങ്ങളായി കോട്ടപ്പുറം വരെയുള്ള സർവ്വീസ് നിർത്തിവച്ചിരിക്കുകയാണ്. നിലവിൽ കൊറ്റി-അയിറ്റി, പടന്ന-തയ്യിൽകടപ്പുറം എന്നീ റൂട്ടുകളിൽ പ്രതിദിനം 7 ട്രിപ്പുകൾ ഉൾപ്പെടുത്തി ബോട്ട് സർവ്വീസ് നടത്തിവരുന്നുണ്ട്. |
| (ബി) | ഈ റൂട്ടിലെ ബോട്ട് സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് ഏതൊക്കെ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | ഈ റൂട്ടിൽ സർവ്വീസ് നടത്തുന്ന ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ കാര്യക്ഷമമായും, ത്വരിതമായും നടത്തുന്നതിനായി 61.43 ലക്ഷം രൂപ ചെലവിൽ അയിറ്റി യാർഡ് നിർമ്മാണത്തിനായി ഭരണാനുമതി നല്കിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണ പ്രവൃത്തികൾ മെസ്സേഴ്സ് സിൽക്ക്, കണ്ണൂർ മുഖാന്തിരം നടന്നുകൊണ്ടിരിക്കുകയാണ്. കൂടാതെ ഈ മേഖലയ്ക്ക് അനുവദിച്ചിട്ടുള്ള എസ്-19 നമ്പർ ബോട്ടിന്റെ റിപ്പയർ പൂർത്തീകരിച്ച് രജിസ്ട്രേഷൻ നടപടിക്രമങ്ങൾ പോർട്ട് വിഭാഗവുമായി ബന്ധപ്പെട്ട് സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ